പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2788**

07.12.2018-ൽ മറുപടിയ്ക്ക്

## പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി

**ചോദ്യം**

ശ്രീ. എം. സ്വരാജ്

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

(എ) & (ബി) പരമ്പരാഗത കലാരൂപങ്ങളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് സാംസ്കാരിക കാര്യ വകുപ്പിനു കീഴിൽ ഫോക് ലോർ അക്കാദമി പ്രവർത്തിക്കുന്നത്. തെയ്യം കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി ഒരു തെയ്യം മ്യൂസിയം കേരള ഫോക് ലോർ അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പൂരക്കളി, പടയണി ചിമ്മാനക്കളി, മുടിയേറ്റ്, മാരിതെയ്യം തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിക്കുവാൻ കേരള ഫോക് ലോർ അക്കാദമി അവസരമൊരുക്കുന്നുണ്ട്. കേരള ഫോക് ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പരമ്പരാഗത കലാരൂപങ്ങൾ ഉൾപ്പെടുത്തി ജില്ലാ കലോത്സവങ്ങൾ സംഘടിപ്പിക്കാറുണ്ട്. പടയണി എന്ന കലാരൂപം പ്രചരിപ്പിക്കുവാനും പരിശീലനം നൽകുവാനും കോട്ടയം ജില്ലയിൽ വെള്ളാവൂരിൽ ഒരു ഫോക് സെന്ററിന്റെ നിർമ്മാണവും ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള KIRTADS -ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഗദ്ദിക മേളകളിലും പാരമ്പര്യ കലാരൂപങ്ങളുടെ അവതരണവും പട്ടിക വർഗ്ഗക്കാരുടെ പാരമ്പര്യ കലകളെ പരിപോഷിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഗോത്ര സമുദായത്തിന്റെ കലകൾക്കായി 15 ദിവസം നീണ്ടുനിൽക്കുന്ന പഠനക്കളരികളും സംഘടിപ്പിക്കാറുണ്ട്. സംസ്ഥാനത്തെ 13 ഗോത്രജനതയുടെ കലകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ച് ഗോത്രകലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 'ഗോത്രതാളം വാല്യം II എന്ന പേരിൽ 2018 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പാരമ്പര്യ വാസ്തുവിദ്യ, പാരമ്പര്യ ചുമർചിത്ര രചന എന്നിവയുടെ പ്രോത്സാഹനത്തിനും, പ്രചരണത്തിനും വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ